"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണവകുപ്പ്- എഞ്ചിനിയറിംഗ്വിഭാഗം- കോട്ടയം മുനിസിപാലിറ്റിയിലെ ഡ്രൈവർമാരുടെ റെസ്റ്റ്റൂമിന്റെ മേൽക്കൂര നിർമ്മാണത്തിലെ അഴിമതി-വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ട്- ഉത്തരവാദികളായ മുൻ മൂന്നാംഗ്രേഡ്ഓവർസീയർ ശ്രീ. ജോജി ജോസ് വി.ജെ., മുൻ അസിസ്റ്റന്റ്എൻജിനീയർ ശ്രീ. ജീവൻ പി., മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എൻജിനീയർ ശ്രീ.രാജീവ് ആർ. എന്നിവർക്കെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള അച്ചടക്കനടപടി-തീർപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1328/2025/LSGD തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 27.05.2022-ലെ E7-(SC43/2021/KTM) 27931/2021/ നമ്പർ കത്ത്
2. വിജിലൻസ് വകുപ്പിന്റെ 27.07.2022-ലെ വിജി-എഫ്1/9/ 2022/വിജി നമ്പർ കത്ത്.
3. 13.10.2022-ലെ EWA1/50/2022-LSGD നമ്പർ കുറ്റപത്രവും കത്തും
4. അസിസ്റ്റന്റ് എൻജിനീയർ ശ്രീ. ജീവൻ പി. സമർപ്പിച്ച 16.01.2023-ലെ പ്രതിവാദപത്രിക
5. മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. രാജീവ് ആർ. സമർപ്പിച്ച പ്രതിവാദപത്രിക
6. മൂന്നാം ഗ്രേഡ് ഓവർസീയർ ശ്രീ. ജോജി ജോസ് വി.ജെ. സമർപ്പിച്ച 15.02.2023-ലെ പ്രതിവാദപത്രിക
7. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.12.2024-ലെ LSGD/PD/30136/2023-VIGB6 നമ്പർ കത്ത്.
8. സ.ഉ. (സാധാ) നം. 201/2025/LSGD തീയതി 20.01.2025
9. 03.02.2025-ലെ AB3/191/2025 നമ്പർ ഔപചാരികാന്വേഷണ റിപ്പോർട്ട്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം യൂണിറ്റ് **09.11.2021**-ൽ കോട്ടയം മുനിസിപ്പാലിറ്റി എഞ്ചിനിയറിംഗ് വിഭാഗം ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ വെളിവായ വസ്തുതകൾ ചുവടെ ചേർക്കുന്നു.

i. അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരമല്ല കോട്ടയം മുനിസിപ്പാലിറ്റിലെ ഡ്രൈവർമാരുടെ വിശ്രമമുറിയുടെ മേൽക്കൂര പുതുക്കിപണിയുന്ന വർക്ക് നടത്തിയത്.

ii. അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്ന് അധികമായി ചെയ്ത വർക്കിന് റിവൈസ്ഡ്

എസ്റ്റിമേറ്റ് തയ്യാറാക്കുകയോ മുനിസിപ്പാലിറ്റി മേലധികാരികളിൽ നിന്ന് അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

iii. ടി വർക്ക് ചെയ്തതിലേക്ക് മെഷർമെന്റ് ബുക്ക് മെയിന്റെയിൻ ചെയ്തിട്ടില്ല.

iv. ടി വർക്കിന് മിന്നൽ പരിശോധനാ ഉദ്യോഗസ്ഥൻ കണക്കാക്കിയ തുകയേക്കാൾ **19388/-** രൂപ അധികം ലഭിക്കുന്നതിന് ശ്രീ. ജോജി ജോസ് വി.ജെ. സമർപ്പിച്ച ബില്ലുകൾ ആവശ്യമായ പരിശോധനകൾ നടത്താതെ പാസ്സാക്കുന്നതിന് ശ്രീ. രാജീവ് ആർ. ശിപാർശ ചെയ്തു.

v. ടി വർക്കിന് മിന്നൽ പരിശോധനാ ഉദ്യോഗസ്ഥൻ കണക്കാക്കിയ തുകയേക്കാൾ **701.81** രൂപ അധികമായി ശ്രീ. ജോജി ജോസ് വി.ജെ. ടി വർക്ക് ചെയ്തതിലേക്ക് കൈപ്പറ്റി.

**2.** മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ ശിപാർശകൾ വിജിലൻസ് വകുപ്പ് അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ അപാകത **1, 2, 4, 5** എന്നിവയ്ക്ക് ഉത്തരവാദിയായ കോട്ടയം മുനിസിപാലിറ്റിയിലെ മുൻ മൂന്നാം ഗ്രേഡ് ഓവർസീയർ ശ്രീ. ജോജി ജോസ് വി.ജെ. (പെൻ **833712**), അപാകത **2, 3** എന്നിവയ്ക്ക് ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയർ ശ്രീ. ജീവൻ പി. (പെൻ **703696**), അപാകത 4ന് ഉത്തരവാദിയായ മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീ. രാജീവ് ആർ (പെൻ **540955**) എന്നിവർക്കെതിരെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **15** പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് കുറ്റപത്രം നൽകിയിരുന്നു. കൂടാതെ യഥാർത്ഥത്തിൽ ചെലവായതിനേക്കാൾ തുക അധികമായി ലഭിക്കുന്നതിന് ശ്രീ. ജോജി ജോസ് വി.ജെ. സമർപ്പിച്ച **19,388/-** (പത്തൊമ്പതിനായിരത്തി മുന്നൂറ്റി എൺപത്തിയെട്ട്) രൂപയുടെ ബില്ലുകൾ പാസാക്കി നൽകാതിരിക്കുന്നതിനും അധികമായി കൈപ്പറ്റിയ **701.81** (എഴുന്നൂറ്റി ഒന്ന് രൂപ എൺപത്തിയൊന്ന് പൈസ) രൂപ തിരിച്ച് പിടിക്കുന്നതിനും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശവും നൽകിയിരുന്നു.

**3.** കുറ്റാരോപിതർ സമർപ്പിച്ച എതിർവാദപത്രികകളിന്മേലുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായം ചുവടെ ചേർക്കുന്നു.

ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് അസി. എക്സി. എഞ്ചിനീയറുടെ മൂല്യനിർണ്ണയ റിപ്പോർട്ട് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ മൂല്യം ഡി.എസ്.ആർ **2016** അടിസ്ഥാനമാക്കി ജി.എസ്.റ്റി ഉൾപ്പെടെ **1,15,568/-** രൂപയായി കണക്കാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർവ്വഹണത്തിന് ശേഷം ഓവർസിയർ സമർപ്പിച്ചിരുന്ന ബിൽ തുക **1,60,480/-** രൂപയാണ്. പ്രസ്തുത ബിൽ തുകയിൽ നിന്നും **44,912/-** രൂപ കുറവായിട്ടാണ് നിലവിൽ ടി പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തിയ പ്രകാരം ലഭ്യമായിരിക്കുന്നത്. പ്രസ്തുത ബില്ലുകൾ അസി. എഞ്ചിനീയർ ശിപാർശ ചെയ്ത് സമർപ്പിച്ച വേളയിൽ ടി പ്രവൃത്തിയുടെ അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് അസി. എക്സി. എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നെങ്കിൽ **44,912/-** രൂപ അധികമായി കണക്കാക്കിയത് കണ്ടെത്താൻ കഴിയുമായിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകാതിരുന്നതിനാൽ മേലധികാരി എന്ന നിലയിൽ അസി. എക്സി. എഞ്ചിനീയർ ശ്രീ. രാജീവ് ആർ.-ന്റെ ഭാഗത്ത് ജാഗ്രതക്കുറവ് സംഭവിച്ചിട്ടുണ്ട്.

**Kerala Public Works Department Manual Revised Edition 2012, Section 2109, 2211.1**

പ്രകാരം അളവുകൾ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയ ശേഷമാണ് ബില്ലുകൾ പാസ്സാക്കി നൽകേണ്ടത്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മെഷർമെന്റ് ബുക്കിൽ അളവുകൾ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ബിൽ പാസ്സാക്കാവുന്നതാണ് എന്ന ശിപാർശയോടെ **28/05/2021**-ൽ അസി. എഞ്ചിനീയർ ഫയൽ അസി. എക്സി. എഞ്ചിനീയർക്ക് സമർപ്പിച്ചതായി കാണുന്നു. ആയതിനാൽ അസി.എൻജിനീയർ ശ്രീ. ജീവൻ പി.യുടെ മറുപടി അംഗീകരിക്കുവാൻ നിർവ്വാഹമില്ല. പ്രവൃത്തിയുടെ ചുമതല ഓവർസിയർ ശ്രീ.ജോജി ജോസിനാണെങ്കിലും അസി.എഞ്ചിനിയർ എന്ന നിലയിൽ ടി പ്രവൃത്തിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ശ്രീ. ജീവൻ പി.- യ്ക്ക് ചുമതല ഉള്ളതാണ്. ആയതിനാൽ മെഷർമെന്റുകൾ രേഖപ്പെടുത്താൻ സാധ്യമാകാതെ വന്നതിനാലാണ് അധികമായി പണി നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ കഴിയാതെ വന്നതെന്ന ടിയാന്റെ മറുപടിയും അംഗീകരിക്കുവാൻ കഴിയില്ല.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ, നിലവിലെ റൂഫ് ട്രസ് പൊളിച്ചു മാറ്റിയതിൽ ആവശ്യമായ ഭാഗങ്ങൾ പുനരുപയോഗിച്ച ശേഷം ബാക്കിയുള്ള **78** കെജി സ്ക്രാപ് **14/-** രൂപ മാർക്കറ്റ് നിരക്കിൽ എടുത്തുകൊള്ളാമെന്ന് ട്രസ്സ് വർക്ക് ചെയ്ത കരാറുകാരൻ സമ്മതിച്ചിട്ടുള്ളതിനാൽ റീസണബിൾ റേറ്റ് ആയി കാണുന്നുവെന്ന് ഓവർസിയർ ഫയലിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു. തുടർന്ന് ബില്ലുകൾ, രസീതുകൾ, മസ്റ്റർ റോൾ ഉൾപ്പെടെ **1,60,480** രൂപയുടെ ബിൽ **28/05/2021**-ൽ ഓവർസിയർ അസി.എഞ്ചിനീയർക്ക് സമർപ്പിച്ചിരിക്കുന്നു. അതുപോലെ ഇൻവോയ്സ്, രസീതുകൾ, മസ്റ്റർ റോൾ എന്നിവ ഫയലിൽ കാണുന്നു. എന്നാൽ ഫയലിൽ മെഷർമെന്റ് ബുക്ക് പരിപാലിച്ചതായും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയതായും കാണുന്നില്ല. ഓവർസിയർ ശ്രീ. ജോജി ജോസ് വി.ജെ, **1,4,000/-** രൂപയാണ് അഡ്വാൻസ് തുകയായി കൈപ്പറ്റിയത്. കൂടാതെ, **19,388/-** രൂപ അധികമായി ലഭിക്കാൻ ഉണ്ടെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു. ടി പ്രവൃത്തിയുടെ മൂല്യം പുനഃനിർണ്ണയിച്ചതിൻ പ്രകാരം **1,15,568** രൂപയാണ്. അപ്രകാരം ഓവർസിയർ ശ്രീ. ജോജി ജോസ് വി.ജെ. **24,432/-** രൂപ അധികമായി കൈപ്പറ്റിയിട്ടുണ്ട്. **44,912/-** രൂപ അധികമായി കണക്കാക്കിയിട്ടുള്ളതിനാൽ ഓവർസീയർ ശ്രീ ജോസി ജോസ്.വി.ജെ.യുടെ മറുപടി അംഗീകരിക്കുവാൻ കഴിയില്ല.

4. കൂടാതെ മേൽ വിഷയത്തിൽ ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ചുവടെ പറയുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ടി പ്രവൃത്തിയിൽ, അലുമിനിയം ട്രഫോർഡ് ഷീറ്റ്, ജി.ഐ ട്യൂബുകൾ, **150 mm** അർദ്ധചതുരാകൃതിയിലുള്ള പി.വി.സി. മഴവെള്ള ഗട്ടർ എന്നിവയ്ക്കും തൊഴിലാളികൾക്കുമുള്ള ചെലവുകളുടെ മൂല്യം ഡി.എസ്.ആർ. **2016** അടിസ്ഥാനമാക്കി ജി.എസ്.റ്റി കൂടാതെ **1,03,186/-** രൂപയാണെന്നും, അംഗീകൃത സാങ്കേതികാനുമതി ലഭ്യമാക്കിയിരുന്ന എസ്റ്റിമേറ്റിൽ അക്കാലത്ത് ബാധകമായ **12%** ജി.എസ്റ്റി ഉൾപ്പെടുത്തിയില്ലെങ്കിലും, മെറ്റീരിയൽ വാങ്ങുന്നയാൾ പർചേസ് ബില്ലിൽ **18%** ജി.എസ്റ്റി അടച്ചിട്ടുണ്ടെന്നും, **12%** ജിഎസ്റ്റി കൂടി ഉൾപ്പെടുത്തിയിട്ടുള്ള മൂല്യം **1,15,568.32/-** രൂപയാണെന്നും മുല്യനിർണ്ണയത്തിൽ ജി.ഐ ട്യൂബുകളുടെ സാമ്പിളുകൾ മുറിച്ചെടുത്ത് യൂണിറ്റ് വെയ്റ്റ് കണക്കാക്കിയിട്ടുണ്ടെന്നും, പ്രവൃത്തി ചെയ്യേണ്ട സ്ഥലത്ത് നിലനിന്നിരുന്ന യൂട്ടിലിറ്റികളുടെ താത്ക്കാലിക പുനഃക്രമീകരണത്തിനും, താത്ക്കാലിക പാർക്കിംഗ് ക്രമീകരണങ്ങൾക്കും അധിക ലേബർ ചാർജുകൾ സംഭവിച്ചിരിക്കാമെന്നും, ഇന്നത്തെ നിലയിൽ ഇക്കാര്യങ്ങൾ

വിലയിരുത്താൻ സാധിക്കുന്നതല്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5. കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം സ്വീകരിച്ചു വരുന്ന അച്ചടക്കനടപടിയിൽ ഔപചാരിക അന്വേഷണം നടത്താനായി നിലവിൽ കോട്ടയം District Panchayath EE ആയ Sri.Arun J. Ranj (Pen- 592184)-നെ നിയോഗിച്ചിരുന്നു. ടി ഉദ്യോഗസ്ഥൻ സമർപ്പിച്ചിട്ടുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ പ്രസ്തുത ക്രമക്കേടുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തിയതിന്റെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള കുറ്റപത്രം, കുറ്റാരോപണ പത്രിക, എതിർവാദ പത്രിക, മറ്റ് ഓഫീസ് രേഖകൾ എന്നിവ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ പ്രസ്തൂത ക്രമക്കേടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്:

- G.O (P) 498/2015/Fin dated 03.11.2015 & G.O (P) 30/2016/Fin dated 29.02.2016 പ്രകാരം PRICE SOFTWARE-ലാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. മേൽപ്രവൃത്തിയുടെ എസ്റ്റിമേറ്റ് PRICE SOFTWARE-ൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല.
- ഭരണാനുമതി ലഭിച്ച പ്രവൃത്തിയിൽ നിന്ന് വ്യതിചലിച്ച് ചെയ്ത പ്രവൃത്തിക്ക് revised എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല.
- അംഗീകരിച്ച എസ്റ്റിമേറ്റ് പ്രകാരം നിർവ്വഹണം നടത്തിയിട്ടുള്ള പ്രവൃത്തിയുടെ അളവുകൾ M.Book-ൽ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ അളവുകൾ M.Book-ൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.
- PRICE SOFTWARE മുഖേന തയ്യാറാക്കി അംഗീകാരം വാങ്ങിക്കേണ്ട estimate തയ്യാറാക്കിയിട്ടില്ലാത്തതിനാലും M.Book-ൽ അളവുകൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും revised estimate തയ്യാറാക്കി അംഗീകാരം ലഭ്യമാക്കിയിട്ടില്ലാത്തതിനാലും അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർക്ക് ഓവർസിയർ സമർപ്പിച്ച ബില്ലുകളിന്മേൽ ആവശ്യമായ പരിശോധന നടത്താൻ സാധിക്കാതെ പാസാക്കി നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ വിജിലൻസ് ഉദ്യോഗസ്ഥരുടെ പരിശോധനയിൽ കണ്ടെത്തിയ അളവുകളുടെ അടിസ്ഥാനത്തിൽ അധികമായി കൈപ്പറ്റിയ തുകയിന്മേൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

6. തുടർന്ന് 30.04.2025-ന് കുറ്റാരോപിതരെ തദ്ദേശ സ്വയം ഭരണ (EWA) വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. Departmental Work-കൾ അടിയന്തര ഘട്ടങ്ങളിൽ ചെയ്യേണ്ടതായതിനാൽ പൊതുവേ പാലിക്കേണ്ട നടപടിക്രമങ്ങളായ quotation/tender/Estimate തയ്യാറാക്കൽ എന്നിവ പാലിക്കപ്പെടാറില്ല എന്നും, rough estimate എടുത്തതിന് ശേഷം advance ആയി തുക ഓവർസിയറുടെ പേരിൽ സ്വീകരിച്ചതിന് ശേഷം വർക്ക് നടത്തുകയും, പിന്നീട് ബില്ലും, വൗച്ചറുകളും നൽകി advance settlement Corporation Council മുൻപാകെ പരിഗണിച്ച് തീർപ്പാക്കുന്നതാണ് പതിവ് എന്നും ഹിയറിംഗ് വേളയിൽ കുററാരോപിതർ പറഞ്ഞു. മേൽപ്പറഞ്ഞ പ്രവൃത്തി Corona 2nd outbreak-ന്റെ സമയത്ത് അടിയന്തരമായി ചെയ്യേണ്ട സാഹചര്യത്തിലാണ് ചെയ്തതെന്നും അപ്രകാരം ചെയ്യേണ്ടിവന്നതിനാലാണ് മിന്നൽ പരിശോധനവേളയിൽ വിജിലൻസ് ഇപ്രകാരം ക്രമക്കേടുകൾ കണ്ടെത്തിയതെന്നും, Departmental മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടില്ല എന്നും കൂടാതെ ഒരു ലക്ഷത്തിന്

മുകളിലുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതും, ആയതിന്റെ **advance** കൈപ്പറ്റേണ്ടതും അസി.എഞ്ചിനിയറാണെങ്കിലും, അടിയന്തരസാഹചര്യം കണക്കിലെടുത്താണ് ഓവർസിയറെ ഏൽപ്പിച്ചതെന്നും ശ്രീ. ജീവൻ പി.,**AE** ശ്രീ. രാജീവ് ആർ, **AEE** എന്നിവർ പറഞ്ഞു.

7.കോട്ടയം മുനിസിപ്പാലിറ്റിയിലെ ഡ്രൈവർമാരുടെ റെസ്റ്റ് റൂമിന്റെ തകർന്ന മേൽക്കൂര പുതുക്കി പണിയുന്നതിന് ഡ്രൈവർമാർ നൽകിയ അപേക്ഷ പ്രകാരം സെക്രട്ടറിയുടെയും ചെയർപേഴ്സന്റെയും അനുവാദത്തോടെ ടി വർക്ക് ഡിപ്പാർട്ട്മെന്റൽ ആയി ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിലേക്ക് മുൻസിപാലിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനിയർ ജീവൻ **(SO2)**, ഓവർസിയറായ ജോജി ജോസ് **(SO-1)** എന്നിവരെ ചുമതലപ്പെടുത്തുകയും ഡ്രൈവർമാരുടെ റെസ്റ്റ് റൂം, സെക്യൂരിറ്റി ക്യാബിൻ എന്നിവയുടെ പഴയ മേൽക്കൂര പൊളിച്ച് മാറ്റുന്നതിനും, മേൽക്കൂര പുതുക്കി പണിയുന്നതിനും ടി അസിസ്റ്റൻറ് എഞ്ചിനീയറും, ഓവർസിയറും ചേർന്ന് **1,75,000/-** രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും, ടി എസ്റ്റിമേറ്റ് അംഗീകരിച്ച് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ രാജീവ് **(SO 3)** ടി വർക്കിന് ടെക്നിക്കൽ സാംഗ്ഷൻ നൽകിയിട്ടുള്ളതും ടി വർക്ക് ചെയ്യുന്നതിന് **1,40,000/-** രൂപ ടി ജോജി ജോസിന് അഡ്വാൻസായി നൽകിയിട്ടുള്ളതുമാണ്. തുടർന്ന് ടി വർക്ക് ചെയ്യുന്നതിന് മെറ്റീരിയൽസ് വാങ്ങിയതിലേക്കും, പണി സാധനങ്ങൾ വാടകയ്ക്ക് എടുത്തതിലേക്കുമായി **1,18,480/-** രൂപയും, **20.05.2021** മുതൽ **30.05.2021** വരെ **10** ദിവസത്തെ ലേബർ ചാർജ്ജായി **42,000/-** രൂപയും ഉൾപ്പെടെ **1,60,480/-** രൂപ ചെലവഴിച്ചിട്ടുള്ളതായും ടി തുകയിൽ നിന്നും പഴയ മേൽക്കൂര പൊളിച്ചതിൽ ലഭിച്ച സ്ക്രാപ്പ് വിൽപ്പന നടത്തിയതിൽ ലഭിച്ച **1,092/-** രൂപ കഴിച്ച് **1,59,388/-** രൂപ ചെലവായിട്ടുള്ളതായും. ടി തുകയിൽ നിന്നും അഡ്വാൻസ് നൽകിയ **1,40,000/-** രൂപ കഴിച്ച് ബാക്കി **19,388/-** രൂപ അധിക ചെലവ് വന്നിട്ടുള്ളതായും, ടി വർക്കുമായി ബന്ധപ്പെട്ട ബില്ലുകളും വൗച്ചറുകളും അസിസ്റ്റന്റ് എഞ്ചിനീയർ **(SO-2)** പരിശോധിച്ച ശേഷം ടി തുക പാസ്സാക്കുന്നതിനായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് **(SO-3)** നൽകിയതായും, അധികമായി ചെലവായ **19,388/-** രൂപ ടി ഓവർസിയർക്ക് **(SO-1)**നൽകണമെന്ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ **(SO-3)** എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും, എക്സിക്യൂട്ടീവ് എഞ്ചിനീയർ സെക്രട്ടറിക്കും, സെക്രട്ടറി കൗൺസിലിൻെറ അംഗീകാരത്തിനായും ശിപാർശ ചെയ്തിട്ടുള്ളതായും എന്നാൽ, ടി റൂഫ് വർക്ക് ചെയ്ത ഭാഗം **PWD** അസിസ്റ്റന്റ് എഞ്ചിനീയറായ മിന്നൽ പരിശോധനാ ഉദ്യോഗസ്ഥനെക്കൊണ്ട് അളന്ന് പരിശോധിച്ചതിൽ ടി എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളതിലും കൂടുതലായി സെക്യൂരിറ്റി ക്യാബിനോട് ചേർന്ന ജനറേറ്റർ ഷെഡ്ഡിൻെറ പകുതി ഭാഗം **(17.311 Sqm)** കൂടെ റൂഫ് ചെയ്തിട്ടുള്ളതായും ആയതിലേക്കുള്ള മെറ്റീരിയൽസിൻെറ തുകയായി **21,046.65/-** രൂപ അധിക ചെലവ് വന്നിട്ടുള്ളതായും ഇപ്രകാരം എസ്റ്റിമേറ്റിൽ നിന്നും അധികമായി വർക്ക് ചെയ്യുന്നതിന് ഓവർസിയർ ജോജി ജോസ് **(SO-1)**, അസിസ്റ്റൻറ് എഞ്ചിനീയർ ജീവൻ **(SO 2)**എന്നിവർ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയോ മുൻസിപ്പാലിറ്റി മേലധികാരികളിൽ നിന്നും അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ലാത്തതാണെന്നു.ഡിപ്പാർട്ട്മെന്റ് വർക്കിന് മെഷർമെൻറ്ബുക്ക് മെയിന്റയിൻ ചെയ്യാറില്ല എന്ന് **SO-3** മൊഴി പറഞ്ഞിട്ടുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന ഉത്തരവിന്റെ രേഖകളൊന്നും ടിയാൻ ഹാജരാക്കിയിട്ടില്ലാത്തതാണ്. മാത്രമല്ല ടി വർക്കിന് മെഷർമെൻറ് ബുക്ക് മെയിന്റയിൻ ചെയ്യാതെ, ബില്ലുകളുടെയും

മസ്റ്റർ റോളിൻറെയും അടിസ്ഥാനത്തിലും വർക്ക് വെരിഫൈ ചെയ്യാതെയുമാണ് ചെലവായ തുക പാസാക്കുന്നതിന് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (SO-3) ശിപാർശ ചെയ്തിട്ടുള്ളതെന്നും വിജിലൻസിന്റെ മിന്നൽ പരിശോധന റിവൈസ്ഡ് റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു.

8. മേൽ റിപ്പോർട്ടിന്റെ വെളിച്ചത്തിലും,ഹിയറിംഗ് വേളയിലെ വാദഗതികൾ, ലഭ്യമായ മറ്റ് റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ കുററാരോപിതരായ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടായി എന്നത് വ്യക്തമായിട്ടുണ്ട്. അതിനാൽ **1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷയ്ക്കായി സ്വീകരിച്ചു വരുന്ന അച്ചടക്ക നടപടി ലഘൂകരിച്ച് താഴെ പറയുന്ന പ്രകാരം ഉത്തരവാകുന്നു.**

i. **ശ്രീ. ജോജി ജോസ് വി.ജെ., മുൻ ഓവർസിയർ ഗ്രേഡ് III** (വിരമിക്കൽ തീയതി- 30/12/2052) റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാത്തതിനും മേലധികാരികളിൽ നിന്നും അംഗീകാരം വാങ്ങാത്തതിനും ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം **11 (iii) പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലമില്ലാതെ 1 വർഷത്തേക്ക് തടയുവാൻ ഉത്തരവാകുന്നു.** ടിയാന് അനുവദിച്ച അഡ്വാൻസ് തുക ക്രമീകരിക്കുന്നതിന് 30.9.2022-ൽ കൗൺസിൽ യോഗം തീരുമാനിച്ചിട്ടുണ്ടെങ്കിലും ടിയാൻ **അധികമായി കൈപ്പറ്റിയ തുക തിരിച്ച് പിടിക്കുന്നതിന് പ്രിൻസിപ്പൽ ഡയരക്ടർക്ക് നിർദ്ദേശം നൽകുന്നു.**

ii. **ശ്രീ. ജീവൻ പി., മുൻ അസി.എഞ്ചിനിയർ** (വിരമിക്കൽ തീയതി 29/2/2040) മെഷർമെന്റ് ബുക്ക് ലഭ്യമല്ല എന്ന് കണ്ടിട്ടും ബിൽ പാസാക്കാവുന്നതാണ് എന്ന് ശിപാർശ നൽകി അപ്രകാരം അസിസ്റ്റന്റ് എഞ്ചിനിയറുടെ ചുമതല കൃത്യമായി നിർവഹിയ്ക്കാത്തതിന് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ **ചട്ടം 11(iii) പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് രണ്ട് വർഷത്തേയ്ക്ക് സഞ്ചിത ഫലമില്ലാതെ തടയുവാൻ ഉത്തരവാകുന്നു.**

iii. **ശ്രീ. രാജീവ് ആർ., മുൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനിയർ**(വിരമിക്കൽ തീയതി 31/5/2025) ബില്ലുകൾ ആവശ്യമായ പരിശോധനകൾ നടത്താതെ ശിപാർശ ചെയ്യുകയും, എക്സിക്യൂട്ടീവ് എഞ്ചിനിയർ എന്ന നിലയ്ക്കുള്ള ഉത്തരവാദിത്തം ലാഘവത്തോടെ കാണുകയും ചെയ്തതിന് **1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(iii) പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ തടയുവാൻ ഉത്തരവാകുന്നു. ടിയാൾ 31.5.2025- സർവീസിൽ നിന്നും വിരമിക്കുകയാണെന്നതിനാൽ മേൽപ്രകാരമുള്ള തുക 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ 11 Note 3 പ്രകാരം പെൻഷൻ/ഡിസിആർജി-യിൽ നിന്ന് വസൂലാക്കുവാൻ പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY
അണ്ടർ സെക്രട്ടറി

1. ശ്രീ. രാജീവ് ആർ. (പെൻ 540955), മുൻ.അസി.എക്സി.എഞ്ചിനിയർ, കോട്ടയം മുനിസിപാലിറ്റി
2. ശ്രീ. ജീവൻ പി. (പെൻ 703696),മുൻ അസിസ്റ്റന്റ്എൻജിനീയർ, കോട്ടയം മുനിസിപാലിറ്റി
3. ശ്രീ. ജോജി ജോസ് വി.ജെ. (പെൻ 833712), മുൻ മൂന്നാംഗ്രേഡ് ഓവർസീയർ,കോട്ടയം മുനിസിപാലിറ്റി **(1-3 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
4. വിജിലൻസ് വകുപ്പ്
5. തദ്ദേശ സ്വയംഭരണ (EWB)വകുപ്പ്
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ (**ഇതിൽ ആരോപണ വിധേയനായ ഈ മാസം 31/05/2025 ൽ വിരമിക്കുന്ന ശ്രീ രാജീവ് ആറിനെതിരെ കുറ്റം കണ്ടെത്തിയതിനെ തുടർന്ന് നൽകിയ ശിക്ഷാനടപടികളുടെ ഭാഗമായി കുറവ് ചെയ്യേണ്ടതായ തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.**)
8. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 29-05-2025 17:30:15
സെക്ഷൻ ഓഫീസർ